"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ കാസർഗോഡ് ജില്ല പരപ്പ സർക്കാർ ആയുർവേദ ഡിസ്പെൻസറിയിലെ പാർട്ട് ടൈം സ്വീപ്പർ ശ്രീമതി ഗ്രേസി തോമസിന് ശൂന്യവേതന അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.249/2026/AYUSH തീയതി,തിരുവനന്തപുരം, 04-05-2026

---

പരാമർശം:-

1. 29.04.2002-ലെ 10553/Adv.C2/2001/P&ARD നം സർക്കുലർ.
2. 05.07.2017ലെ സ.ഉ.(പി) നം. 08/2017/ഉ.ഭ.പ.വ.
3. 20.07.2023 ലെ സ.ഉ.(പി)നം.13/2023/പി.&എ.ആർ.ഡി.
4. ശ്രീമതി ഗ്രേസി തോമസ് സമർപ്പിച്ച 10.11.2025 ലെ ശൂന്യവേതനാവധി അപേക്ഷ.
5. കാസർഗോഡ് ആയുർവേദ ജില്ലാ മെഡിക്കൽ ഓഫീസറുടെ 13.11.2025 ലെ ഇ2-567/25 നം.നടപടിക്രമം.
6. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 19.12.2025 ലെ DISM/2838/2025-E1 നം.കത്ത്.

**<u>ഉത്തരവ്</u>**

ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ കാസർഗോഡ് ജില്ല പരപ്പ സർക്കാർ ആയുർവേദ ഡിസ്പെൻസറിയിലെ പാർട്ട് ടൈം സ്വീപ്പർ ശ്രീമതി ഗ്രേസി തോമസ് തന്റെ മകളുടെ പ്രസവാവശ്യത്തിനായി വിദേശത്തു (ഖത്തർ) പോകുന്നതിനു 15.11.2025 മുതൽ 28.08.2026 വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും പാർട്ട് ടൈം തസ്തികയിലെ ജീവനക്കാർക്ക് ഒരു കലണ്ടർ വർഷം 120 ദിവസം വരെ നിയമന അധികാരിക്ക് തന്നെ ശൂന്യവേതന അവധി അനുവദിക്കാമെന്നതിനാൽ ശ്രീമതി ഗ്രേസി തോമസിന് 15.11.2025 മുതൽ 31.12.2025 വരെ ശൂന്യവേതനാവധി പരാമർശം (5) പ്രകാരം കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ അനുവദിച്ച് ഉത്തരവായിട്ടുണ്ടെന്നും 01.01.2026 മുതൽ 28.08.2026 വരെയുള്ള ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള ടിയാളുടെ പരാമർശം (4) പ്രകാരമുള്ള അപേക്ഷ പരിഗണിച്ച് അവധി അനുവദിച്ച് ഉത്തരവാകണമെന്നും ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ പരാമർശം (6) പ്രകാരം ശിപാർശ ചെയ്തിരുന്നു.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് ജില്ല പരപ്പ സർക്കാർ ആയുർവേദ ഡിസ്പെൻസറിയിലെ പാർട്ട് ടൈം സ്വീപ്പർ ശ്രീമതി ഗ്രേസി തോമസിന് ടിയാളുടെ വിദേശത്തുള്ള (ഖത്തർ) മകളുടെ പ്രസവാവശ്യത്തിനായി ടി രാജ്യം സന്ദർശിക്കുന്നത് പരാമർശം (1) സർക്കുലറിലെ വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി കൊണ്ടും, ടിയാൾ പരാമർശം (4) പ്രകാരം സമർപ്പിച്ച ശൂന്യവേതനാവധി അപേക്ഷ ഭാരതീയ ചികിത്സാ വകുപ്പ്

ഡയറക്ടറുടെ പരാമർശം (6) പ്രകാരമുള്ള ശിപാർശയുടെ അടിസ്ഥാനത്തിൽ പരിഗണിച്ച് ടിയാൾക്ക് 15.11.2025 മുതൽ 31.12.2025 വരെ കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ പരാമർശം (5) പ്രകാരം അനുവദിച്ച ശൂന്യവേതന അവധിക്ക് തുടർച്ചയായി 01.01.2026 മുതൽ 28.08.2026 വരെ 240 ദിവസം പാർട്ട് ടൈം കണ്ടിൻജന്റ് സർവീസ് വിശേഷാൽ ചട്ടങ്ങളിലെ വ്യവസ്ഥകൾക്കും, പരാമർശം (3) സർക്കാർ ഉത്തരവ് ഖണ്ഡിക 2(ii) പ്രകാരം ടി അവധി കാലയളവ് സീനിയോറിറ്റിക്ക് മാത്രമേ പരിഗണിക്കുകയുള്ളൂവെന്ന വ്യവസ്ഥക്കും വിധേയമായി ശൂന്യവേതനാവധി അനുവദിച്ച് കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SEEMA S

ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം.
2. ശ്രീമതി ഗ്രേസി തോമസ്, പാർട്ട് ടൈം സ്വീപ്പർ, സർക്കാർ ആയുർവേദ ഡിസ്പെൻസറി, പരപ്പ, കാസർഗോഡ് ജില്ല. (ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ മുഖേന).
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം.
4. വിവര പൊതുജനസമ്പർക്ക (വെബ് & മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി).
5. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (AYUSH-A1/383/2025-AYUSH)

ഉത്തരവിൻ പ്രകാരം

Signed by
Baiju G
Date: 05-05-2026 12:46:15

സെക്ഷൻ ഓഫീസർ